# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3591 | 17.12.2015-ലെ മറുപടിയ്ക്ക് |
|---|---|

## വില നീരീക്ഷണ സമിതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങൾക്കും വിവിധ ഘട്ടങ്ങളിൽ ഈടാക്കുന്ന വില നിലവാരം സംബന്ധിച്ച് വിവരശേഖരണം നടത്തുന്നതിനായി 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന "വില നീരീക്ഷണ സമിതി " രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | വില നീരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിയിൽ എത്ര അംഗങ്ങളാണുള്ളത്; നിലവിലെ അംഗങ്ങൾ ആരെല്ലാം ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ 5 അംഗങ്ങളാണുള്ളത്. അവർ താഴെപ്പറയുന്നവരാണ്.<br>1. നികുതി വകുപ്പ് സെക്രട്ടറി, ചെയർമാൻ<br>2. വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ<br>3. സിവിൽ സപ്ലൈസ് ഡയറക്ടർ<br>4. ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്<br>5. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ (GIFT) – ൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം |
| (സി) | ഇതുവരെയുള്ള കാലയളവിൽ പ്രസ്തുത സമിതി എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; പ്രസ്തുത സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നു; | (സി) & (ഡി) | സമിതി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും വില നിരീക്ഷണ സമിതി ചർച്ച ചെയ്യുന്നത്. വിപണിയിലെ |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | | വിലയുമായി ബന്ധപ്പെട്ട് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറത്തു കൊണ്ടുവരുന്ന സ്ഥിതി വിവരകണക്കുകളിൽ നികുതി ചുമത്തപ്പെടുന്ന ഉപഭോഗവസ്തുക്കളിൽ പ്രധാനപ്പെട്ടവയുടെ വിലനിലവാരം പ്രത്യേകമായി ശേഖരിച്ച് വിശകലനം ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**